LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

120 [1596] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ ഇപ്പോൾ എത്ര പേർ താൽക്കാലികാടിസ്ഥാനത്തിലോ, ദിവസക്കൂലിയടിസ്ഥാനത്തിലോ ജോലി നോക്കുന്നു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പത്തു വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ഈ വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്താൻ നിലവിൽ വ്യവസ്ഥയില്ല.

ഓംബുഡ്സ്മാൻ സംവിധാനത്തിൽ വന്ന മാറ്റം

121 [1597] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിൽ ഉണ്ടായിരുന്ന ഓംബുഡ്സ്മാൻ സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(ബി) ഈ കാലയളവിൽ ഓംബുഡ്സ്മാനിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പരാതികളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ഇതേ കാലയളവിൽ ഓംബുഡ്സ്മാനിൽ എത്ര പരാതികൾ ലഭിച്ചു; എത്ര പരാതികളിൻമേൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്;

(ഡി) നാളിതുവരെ ഓംബുഡ്സ്മാൻ വിവിധ ഇനങ്ങളിലായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11-12-2001-ലെ സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. (നം.) 1105/2001 അനുസരിച്ച് പഴയ ഏഴംഗ ഓംബുഡ്സ്മാൻ സംവിധാനത്തിന് പകരം ജസ്റ്റീസ് കെ. പി. രാധാകൃഷ്ണ മേനോനെ ഏകാംഗ ഓംബുഡ്സ്മാനായി നിയമിച്ചുകൊണ്ടുള്ള പുതിയ സംവിധാനം നിലവിൽ വന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2417 പരാതികൾ ലഭിച്ചിട്ടുണ്ട്. അവയിൽ 773 കേസുകൾ ഇതേവരെ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. കൂടാതെ ഏഴംഗ ഓംബുഡ്സ്മാൻമാരുടെ കാലത്ത് തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടായിരുന്ന 1958 കേസുകളിൽ 1536 കേസുകളും ഇതേ കാലയളവിൽ ഏകാംഗ ഓംബുഡ്സ്മാൻ തീർപ്പാക്കിയിട്ടുണ്ട്.

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 30-5-2001 വരെ 3306 പരാതികൾ ലഭിച്ചു. ഇതിൽ 2054 പരാതികളിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്.

(ഡി) ഓംബുഡ്സ്മാൻ സംവിധാനത്തിന്റെ പ്രവർത്തനത്തിന് നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

വർഷം	തുക
2000-2001	1,00,16,432
2001-2002	48,67,000
2002-2003	37,57,000
2003-2004	21,04,419
	(ഡിസംബർ 2003 വരെ)

വിവിധ ഇനങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂൾ ജീവനക്കാർക്ക് പുതുക്കിയ വേതനം

122 [1598] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകളിലെ ജീവനക്കാർക്ക് പുതുക്കിയ വേതനം എന്നു മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കാമോ;

†ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly